# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 2931 20/06/2013 ൽ മറുപടിക്ക്

## പൊതുമരാമത്ത് ഓഫീസുകളുടെ പുന:സംഘടന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി. എ. അഹമ്മദ് കബീർ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| നിയോജകമണ്ഡലങ്ങൾക്കനുസൃതമായി പൊതുമരാമത്ത് ഓഫീസുകൾ പുന:സംഘടിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ? | സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന ഒരു ഇനമാണ് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പി.ഡബ്ല്യൂ.ഡി സെക്ഷനുകളുടെ പുന:ക്രമീകരണം. പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷനുകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുന:ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള പഠനം നടത്തുവാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിരുന്നു. ഇതേപ്പറ്റി നാറ്റ്പാക്ക് പഠനം നടത്തുകയും നിയമസഭയിലെ ബാങ്ക്വറ്റ് ഹാളിൽ വെച്ച് ബഹു.മുഖ്യമന്ത്രി, ബഹു.സ്പീക്കർ, മറ്റു മന്ത്രിമാർ, എം.എൽ.എ മാർ എന്നിവരുടെ മുമ്പാകെ ഒരു പ്രസന്റേഷൻ നടത്തിയിട്ടുള്ളതും പ്രസന്റേഷന്റെ സി.ഡി എല്ലാ എം.എൽ.എമാർക്കും നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രസന്റേഷന്റെ അടിസ്ഥാനത്തിൽ പല എം.എൽ. എ മാരും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായി. നാറ്റ്പാക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയതായി സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ലഭിച്ചു. ഓരോ നിയോജകമണ്ഡലത്തിലും ഒരു റോഡ് സെക്ഷനെങ്കിലും വരുന്ന രീതിയിൽ പുന:ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ